# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് സൈസറ്റി കേരള

## പത്തനംതിട്ട ജില്ല
## <u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

ബ്ലോക്ക് - പുളിക്കീഴ്
ഗ്രമപഞ്ചായത്ത് - നെടുമ്പ്രം

വാർഡ് - 11 പുളിക്കീഴ്

2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ

തയ്യാറാക്കിയത്.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
സോഷ്യൽ ഓഡിറ്റ് സൈസറ്റി കേരള

പത്തനംതിട്ട ജില്ല
പുളിക്കീഴ് ബ്ലോക്ക് ടീം.

## ആമുഖം

ഗ്രാമീണ മേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ച് ദാരിദ്ര്യലഘൂകരണം, ഗ്രാമീണ ജനതയുടെ ജീവനോപാദികൾ മെച്ചപ്പെടുത്തുക അതു വഴി സുസ്ഥിര ആസ്ഥി വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്റ്റംബർ 5 തീയതി നിലവിൽ വരുകയും 2008 ഏപ്രിൽ ഒന്നുമുതൽ പദ്ധതി രാജ്യത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പ്രാബല്യത്തിൽ വരുകയും ചെയ്തു. ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഒരു കുടുംബത്തിലെ പതിനെട്ടു വയസു പൂർത്തിയായ ഏതൊരു വ്യക്തിക്കും ഒരു വർഷത്തിൽ 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ നൽകി ജീവിത നിലവാരം ഉയർത്തുക,ചൂഷണത്തിൽ നിന്നും അകറ്റി മാന്യമായ ജീവിതം നൽകുകയുമാണ് ഈ പദ്ധതി ആവിഷ്കരണം ചെയ്തതിന്റെ പ്രധാന ലക്ഷ്യം .18 വയസ്സ് പൂർത്തിയായ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ പൗരന് തൊഴിൽ ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. ഗ്രാമീണ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക വഴി സ്ത്രീ ശാക്തീകരണം ഉറപ്പാക്കുകയും സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനോടൊപ്പം സാമൂഹിക ഇടപെടലുകൾക്ക് സാധ്യതയേറുന്ന വേദിയായി തൊഴിലുറപ്പ് പദ്ധതി മാറിയിരിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ പ്രകാരം പദ്ധതിക്കു കീഴിൽ നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് തൊഴിലുറപ്പ് നിയമം Sec.17.(2) പ്രകാരം പ്രതിപാദിച്ചിട്ടുണ്ട് .തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങൾ ( സാമ്പത്തികവും ആസ്തി സൃഷ്ടിയും ) പൊതു സമൂഹത്തിന് ബോധ്യമാക്കി കൊടുക്കുക എന്നതാണ് സോഷ്യൽ ഓഡിറ്റിന്റെ പ്രധാന ഉദ്ദേശ്യം .ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011 പ്രകാരം ഒരു വാർഡിൽ നടത്തിയിട്ടുള്ള പ്രവർത്തികൾ വർഷത്തിൽ രണ്ടു തവണ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും റിപ്പോർട്ട് പൊതു സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സുതാര്യത ,കാര്യക്ഷമത, അഴിമതി രഹിതം, പൗരാവബോധം എന്നിവയിലേക്ക് എത്തുക എന്നതാണ്. .പദ്ധതിയുടെ തുക വിനിയോഗം, ഗുണഫലം ,ആസ്തി സൃഷ്ടിക്കൽ, എന്നിവ യഥാർത്ഥ്യബോധ്യത്തോടു കൂടി പരിശോധിക്കുക എന്നുള്ളതാണ് സോഷ്യൽ ഓഡിറ്റ് ലക്ഷ്യം വെക്കുന്നത്.

## പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങള്

| | |
|---|---|
| ജില്ല | : പത്തനംതിട്ട |
| ബ്ലോക്ക് | : പുളിക്കീഴ് |
| താലൂക്ക് | : തിരുവല്ല |
| പഞ്ചായത്ത് | : നെടുമ്പ്രം |
| വിസ്തീർണ്ണം | : 8.49 ച.കി.മീ |
| വാർഡുകളുടെ എണ്ണം | : 13 |
| ആകെ ജനസംഖ്യ | : 12694 |
| സ്ത്രീകള് | : 6723 |
| പുരുഷന്മാർ | :5971 |

| പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങൾ | |
|---|---|
| ആകെ തൊഴില് കാർഡ് | 1372 |
| ആകെ തൊഴിലാളികൾ | 448 |
| എസ്.സി | 42 |
| എസ്.റ്റി | 0 |
| മറ്റുള്ളവർ | 406 |
| പുരുഷന്മാർ | 16 |
| സ്ത്രീകൾ | 432 |

## വാരർഡിൻറെ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ജനസംഖ്യ | -1035 |
| സ്ത്രീകൾ | -508 |
| പുരുഷന്മാർ | -527 |
| ആകെ വീടുകൾ | -302 |
| എസി കുടുംബങ്ങൾ | -13 |
| ആകെ തൊഴിലുറപ്പ് തൊഴിലാളികൾ | -16 |
| എസ്.സി തൊഴിലാളികൾ | -2 |

### പദ്ധതി പ്രകാരം തൊഴിലാളികൾക്ക് നിഷ്കർഷിച്ചിട്ടുള്ള 10അവകാശങ്ങൾ .

1. തൊഴില് കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുള്ള അവകാശം
2. തൊഴില് ആവശ്യപ്പെടുവാനും 15 ദിവസങ്ങ ൾക്കുള്ളില് ലഭിക്കുവാനുള്ള അവകാശം
3. 15 ദിവസത്തിനകം തൊഴില് ലഭിച്ചില്ലെങ്കില് തൊഴിലില്ലായമ വേതനം ലഭിക്കുവാനുള്ള അവകാശം
4. ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.
5. താമസ സ്ഥലത്തിൻറെ 5 കിലോമീറ്റർ ചുറ്റളവിനുള്ളില് തൊഴില് ലഭിക്കുവാനും ലഭിച്ചില്ലെങ്കില് കൂലിയുടെ 10%അധികമായി ലഭിക്കുവാനുള്ള അവകാശം.
6. കുടിവെള്ളം ,തണല്,പ്രാഥമിക ശുശ്രൂഷ കിറ്റ്,തൊഴിലാളികളോടൊപ്പം അഞ്ചില് അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കില് അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല ത്ത് ലഭിക്കുവാനുള്ള അവകാശം.
7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം.
8. തൊലില് ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം
9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കില് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം
10. സോഷ്യല് ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

## ഓഡിറ്റിന് തിരഞ്ഞെടുത്ത പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ് | തൊഴിൽ ദിനങ്ങൾ | എസ്റ്റിമേറ്റ് തുക | ചിലവഴിച്ച തുക | വേതന ഘടകം | സാധന ഘടകം (ഷാർപ്പനിംഗ് ചാർജ്+D.B) |
|---|---|---|---|---|---|---|---|
| 1 | പതിനെന്നാം വാർഡില് ജനകീയാസൂത്രണ പദ്ധതിയുമായി സംയോജിച്ച് 200 തെങ്ങിൻ തൈകൾ നട്ടു | IF/ 367295 | 162 | 52772 | 47608 | 42818 | 4500+790= 5290 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വളർത്തൽ | | | | | | |
| 2 | പതിനൊന്നാം വാർഡില് തരീശു ഭൂമി കൃഷിയോഗ്യമാക്കൽ | LD/ 323342 | 1793 | 499563 | 315276 | 305146 | 4500+5630 =10130 |

**<u>പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കേണ്ട 7 രജിസ്റ്ററുകൾ</u>**

കേന്ദ്രസർക്കാരിൻറെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ നിർബന്ധമായും സൂക്ഷിക്കേണ്ടവയാണ് .

**<u>1 .തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ</u>**

പാർട്ട് A :MIS പ്രിൻറ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.

പാർട്ട് B: തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷ രജിസ്റ്ററിൽ അപേക്ഷകരുടെ പേരും വിവരങ്ങളും രേഖപ്പെടുത്തിയിരുന്നു . 20/2/2019വരെ ജോബ് കാർഡിനു പുതുതായി അപേക്ഷ തന്നതിൻറെ രേഖകൾ കാണാൻ കഴിഞ്ഞു.ഏത് വാർഡിലെ അപേക്ഷ ആണെന്ന് തിരിച്ചറിയാൻ കഴിയില്ല.

പാർട്ട് C:MIS പ്രിൻറ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്, ഈ വാർഡില് പുതുതായി ജോബ് കാർഡ് വിതരണം ചെയ്തതിൻറെ വിവരങ്ങൾ ല്ല.

പാർട്ട് D:MIS പ്രിൻറ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്

**<u>2 പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസറ്റർ</u>**

- കവർ പേജ് ഉണ്ട്
- MIS നിന്ന് പകർപ്പ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.
- പരിശോധിച്ച 2 പ്രവർത്തികളുടെ ചിലവും വിശദാംശങ്ങളും അടങ്ങിയ പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്.

**<u>3. സ്ഥിര ആസ്തി രജിസ്റ്റർ</u>**

ഒക്ടോബർ മുതൽ മാർച്ച് സോഷ്യൽ ഓഡിറ്റ് നടത്തിയ കാലയളവിൽ വിടെ സ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ ചെയ്തതിന്റെ വിവരങ്ങള് രേഖപ്പെടുത്തിയത് പൂർണ്ണമല്ല. പ്രവർത്തിയുടെ പേര്,വർക്ക് കോഡ്,ഏത് തരം അസൈറ്റ് എന്നിവ രേഖപ്പെടുത്തിടുണ്ട്.പ്രവർത്തി പൂർത്തികരിച്ച തീയതി രേഖപ്പെടുത്തിട്ടില്ല

**<u>4 ഗ്രാമസഭാ രജിസ്റ്റർ</u>**

- കവർ പേജ് ഉണ്ട്.
- സെക്രട്ടറി പേജുകൾ സാക്ഷ്യപ്പെടുത്തിട്ടുണ്ട്.
- 2018-2019 സാന്പത്തിക വർഷത്തില് നടന്ന 3 ഗ്രാമസഭയുടെ മിനിറ്റ്സ് രേഖപ്പെടുത്തിടുണ്ട്. 29/4/20118 കൂടിയ ഗ്രാമസഭയില് ഏറ്റെടുത്ത പ്രവർത്തിയില് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് 200 തൈങ്ങിൻ തൈകൾ നട്ടുവളർത്തുന്ന പ്രവർത്തി അംഗീകരിച്ചിട്ടുണ്ട്.ഈ ഗ്രാമസഭയില് 17 പങ്കെടുത്തിട്ടുണ്ട്.
- 26/6/2018 ല് വൃക്ഷ തൈകൾ നട്ട് പരിപാലിക്കുന്നതിൻറെ മിനിറ്റ്സ് രേഖപ്പെടുത്തിട്ടുണ്ട്.18 പേർ പങ്കെടുത്തിട്ടുണ്ട്.
- 3/12/2018 ല് തൊഴിലുറപ്പ് ഗ്രാമസഭ എന്ന തലക്കെട്ടില് കൂടിയ ഗ്രാമസഭയില് 14 പേർ പങ്കെടുത്തിട്ടുണ്ട്.ഏറ്റെടുത്ത പ്രവർത്തികളായ റോഡ് നിർമ്മാണം,കിണർ നിർമ്മാണം,കിണറിനു തളം കെട്ടല്,നിലം ഒരുക്കല്,കുളിക്കടവ് നിർമ്മാണ പുനരുദ്ധാരണം എന്നിവ രേഖപ്പെടുത്തിട്ടുണ്ട്.

**<u>5. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ</u>**

- കവർ പേജ് ഉണ്ട്.
- MIS നിന്ന് പകർപ്പ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.
- മാർച്ച് മാസം വരെയുള്ള വിവരങ്ങൾ പൂർണ്ണമാണ്.

**<u>6. പരാതി രജിസ്റ്റർ</u>**

- കവർ പേജ് ഉണ്ട്.
- 3/8/2019 ല് പ്രിൻറ് എടുത്ത പേപ്പർ ആണ്.പരാതികളൾ ഒന്നും കാണാൻ സാധിച്ചില്ല

**<u>7.സാധന രജിസ്റ്റർ</u>**

- കവർ പേജ് ഉണ്ട്.

- MIS നിന്ന് പകർപ്പ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.
- സാധന രജിസ്റ്ററിൽ തരിശ് നിലം കൃഷിക്ക് അനുയോജ്യമാക്കിയതിൻറെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൻറെ 4500 തുക കാണിച്ചിരിക്കുന്നു.
- ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് 200 തെങ്ങിൻ തൈകൾ നട്ടതിൻറെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൻറെ തുകയുടെ പകർപ്പ് കാണാൻ സാധിച്ചില്ല.

## സോഷ്യൽ ഓഡിറ്റിംഗ് ഭാഗമായിഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ

ഫയൽ പരിശോധനയിൽ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ കണ്ടെത്തിയ വസ്തുതകൾ താഴെ ചേർക്കുന്നു.

### 1).കവർപേജ്

- A M C യുടെ അനുബന്ധം 2.23 (1) പ്രകാരം ഉള്ള കവർ പേജ് ആണ് വർക്ക് ഫയലിൽ ഉൾപ്പെടുത്തിയിരുന്നത് .വർക്ക് ഫയലുകളിൽ മിക്ക എല്ലാ വിവരങ്ങളും പൂരിപ്പിച്ചിട്ടുണ്ട്.

### 2) ചെക്ക് ലിസ്റ്റ്

- ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെൻസ് വെച്ചിട്ടുണ്ട്. AMC അനുച്ഛേദം 2 A പ്രകാരമുള്ളതല്ല ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.
- പേജ് നന്പർ രേഖപ്പെടുത്തിട്ടില്ല.

### 3) ആനുവൽ ആക്ഷൻ പ്ലാൻ

- എല്ലാ ഫയൽകളിലും പ്രസ്തുത പ്രവർത്തിയുടെ പേരടങ്ങിയ ഭാഗം ഉൾപ്പെടുന്ന ആനുവൽ ആക്ഷൻ പ്ലാൻറെ കോപ്പി സൂക്ഷിച്ചിട്ടുണ്ട് .

### 4) എസ്റ്റിമേറ്റ്

- കവർ പേജ് ഉണ്ടായിരുന്നു
- ജനകീയ എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല.ഡീറ്റെയിലെഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.
- സർവ്വേ ഡേറ്റ ഉൾപ്പെടുത്തിയിരുന്നു.

### 5) സാങ്കേതിക അനുമതി

സാങ്കേതികാനുമതി ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ ഓവർസിയർ ,തൊഴിലുറപ്പ് അക്രഡിറ്റഡ് എഞ്ചിനീയർ ,LSGD അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ ഒപ്പോ സീലോ രേഖപ്പെടുത്തിയിട്ടില്ല

- ടെക്നിക്കല് കമ്മറ്റി അംഗങ്ങളുടെ പേര്,ഒപ്പ്,സീല്,എന്നിവ രേഖപ്പെടുത്തിടുണ്ട് ,.ഓഫീസ് മുദ്രയില്ല .

### 6) ഭരണാനുമതി

- ഭരണാനുമതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് . പ്രസിഡൻറ് സെക്രട്ടറി എന്നിവരുടെ ഒപ്പ് , സീൽ ,തീയതി രേഖപ്പെടുത്തിയിട്ടില്ല.
- ഗ്രാമസഭ തീരുമാനത്തിൻറെ കോപ്പി കാണാൻ സാധിച്ചില്ല.

### (7സംയോജിത പദ്ധതിയുടെ വിവരങ്ങള്

- ബാധകമല്ല

### 8) .ഡിമാൻഡ്

- AMC നിഷ്കർഷിച്ചിട്ടുള്ള അനുച്ഛേദം 3 (A ) 3( B) പ്രകാരം ഉള്ള ഫോമിൽ അല്ല തൊഴിൽ അപേക്ഷിച്ചിട്ടുള്ളത് .പരിശോധിച്ച 2 ഫയലില് വെള്ളപേപ്പറിൽ തൊഴിലാളിയുടെ പേരും തൊഴിൽ കാർഡ് നമ്പറും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് .തൊഴിൽ എത്ര ദിവസം വേണമെന്നും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.ഡിമാൻറ് നല്കിയ തീയതി രേഖപ്പെടുത്തിട്ടില്ല.

### 9) വർക്ക് അലോക്കേഷൻ

- വർക്ക് അനുവദിച്ചത് സംബന്ധിച്ച രേഖ ഒരു ഫയലിൽ ഇല്ലായിരുന്നു. അതിൽ പ്രവർത്തി സ്ഥലം ,പേര്, ഇവ ഉണ്ട്. ഡിമാൻഡ് ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടില്ല . ആയതിനാൽ ഡിമാൻഡ് നൽകി പതിനഞ്ചു ദിവസത്തിനകം ആണോ വർക്ക് അലോക്കേഷൻ നടന്നിട്ടുള്ളത് എന്ന് അറിയാൻ സാധിക്കുന്നില്ല.

### 10) ഇ-മസ്റ്റർ റോൾ

ചെക്ക് ബുക്കിനു സമാനമാണ് മസ്റ്റർ റോൾ ആയതിനാൽ തന്നെ മസ്റ്റർ റോളിൽ യാതൊരു വെട്ടിത്തിരുത്തലുകളും പാടുള്ളതല്ല . വെട്ടിത്തിരുത്തലുകൾ ഉണ്ടായാൽ തന്നെ ഉദ്യോഗസ്ഥർ അതിന് മേൽ ഉള്ള വിശദികരണം ചേർക്കേണ്ടത് ആണ്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തന്ന ഔദ്യോഗിക രേഖയാണ് മസ്റ്റ റോൾ തൊഴിൽ ചെയ്യുന്ന ദിവസം .2 തവണ മസ്റ്റ റോളിൽ ഒപ്പ് വെക്കേണ്ടതാണ് ഒപ്പ്. വച്ചതിനു ശേഷം തൊഴിലാളികൾ പ്രവർത്തി സ്ഥലത്തു തന്നെ ഉണ്ടായിരിക്കണം .

**<u>മസ്റ്റർ റോളിൽ കണ്ട പ്രധാന ന്യൂനതകൾ</u>**

- ബി ഡി ഒ യുടെ ഒപ്പ് സീൽ ഇവ ഉണ്ട് .തീയതി രേഖപ്പെടുത്തിയിട്ടില്ല.
- സെക്രട്ടറി സീൽ ചെയ്യിട്ടുണ്ട്. തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എല്ലാ മസ്റ്റർ റോൾകളിലും സെക്രട്ടറി യുടെ പേര്,ഒപ്പ് ,സീൽ ഇവ രേഖപെടുത്തിയിട്ടില്ല .
- മസ്റ്റർ റോൾ പരിശോധിച്ച ഉദ്യോഗസ്ഥൻ എല്ലാ പേജിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല .
- വെട്ടിത്തിരുത്തലുകൾ മസ്റ്റർ റോളിൽ ഉണ്ട്. തിരുത്തലുകൾ ഉള്ളിടത്ത് കൗണ്ടർ സൈൻ ചെയ്യിട്ടില്ല .
- M. ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

<u>പതിനെന്നാം വാർഡില് ജനകീയാസൂത്രണ പദ്ധതിയുമായി സംയോജിച്ച് തെങ്ങിൻ 200 തൈകൾ നട്ടു വളർത്തൽ ഈ ഫയലിൽ മസ്റ്ററോളിൽ വന്ന ന്യൂനതകൾ</u>

- 2 സീറോ മസ്റ്ററോളുകൾ-3650,3651
- 24/11/2018 മുതൽ 30/11/2018 വരെ 7 ദിവസം പണിതിരിക്കുന്ന മസ്റ്ററോൾ-4522,4523
- 6 ദിവസം പണിചെയ്യിരുന്നത് വെട്ടി 5 ദിവസം ആക്കിയ മസ്റ്ററോൾ-4862,4863

<u>പതിനൊന്നാം വാർഡില് തരിശു ഭൂമി കൃഷിയോഗ്യമാക്കൽ ഈ ഫയലിൽ മസ്റ്ററോളിൽ വന്ന ന്യൂനതകൾ</u>

- 7 ദിവസം പണിതിരിക്കുന്ന മസ്റ്ററോൾ-7922,7923,8701,8702,9204,9241,9567,9568

**11) <u>മെഷർമെൻറ് ബുക്ക് കോപ്പി</u>**

- മെഷർമെന്റ് ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്യിട്ടുണ്ട്.
- ഒന്നിൽ കൂടുതൽ പ്രവർത്തികൾക്ക് ഒരു മെഷർമെൻറ് ബുക്ക് ഉപയോഗിക്കുന്നതായി കണ്ടു .
- പ്രവർത്തികളുടെ പ്രീമെഷർമെൻറ് രേഖപ്പെടുതിയിട്ടില്ല .

**12 )<u>മെറ്റീരിയൽ വൗച്ചർ / ബില്ല്</u>**

- ബില്ല് വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**13) <u>വേജ് ലിസ്റ്റ്</u>**

**പരിശോധിച്ച പ്രവർത്തി ഫയലുകളില് രണ്ടിലും വേജ് ലിസ്റ്റ് സൂക്ഷിച്ചതായി കണ്ടില്ല .**

**14) <u>F T O</u>**

ഫയലിൽ സൂക്ഷിച്ചിട്ടില്ല

**15) <u>ഫോട്ടോഗ്രാഫ്</u>**

പ്രവർത്തി തുടങ്ങുന്നതിനു മുൻപ് ,പ്രവർത്തി നടക്കുമ്പോൾ , പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിൽ ആയുള്ള പ്രവൃത്തികളുടെ ഫോട്ടോ ആണ് ഓരോ ഫയലിലും സൂക്ഷിക്കേണ്ടത് .. **പരിശോധിച്ച പ്രവർത്തി ഫയലുകളില് രണ്ടിലും പ്രവർത്തികളുടെ മുകളില് പറഞ്ഞ മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫ് കാണാന് സാധിച്ചില്ല .**

**16)<u>പ്രവർത്തിപൂർത്തീകരണ സാക്ഷ്യപത്രം</u>**

- പ്രവർത്തിപൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്.
- ബ്ലോക്ക് അക്രെഡിറ്റ് എൻജിനീയർ ,പഞ്ചായത്ത് അക്രഡിറ്റ് എൻജീനയർ എന്നിവർ ഒപ്പ്,സീൽ ഇവ രേഖപെടുതിയിട്ടില്ല .
- പ്രവർത്തിയുടെ പേര്, വർക്ക് കോഡ് , .പ്രവർത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതികൾ,സാധനഘടകം ,വേതന ഘടകം,എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

**<u>17മസ്റ്റർ റോൾ മൂവ് മെൻറ് ഫോം</u>**

- പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്തിട്ടുണ്ട്

**<u>ജിയോടാഗ്ഡ് ഫോട്ടോ ഗ്രാഫ്</u>**

ജിയോടാഗ്ഡ് ഫോട്ടോഗ്രാഫ് പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തി ഫയലുകളിൽ കാണാൻ കഴിഞ്ഞില്ല.

**<u>സൈറ്റ് ഡയറി</u>**

- സൈറ്റ് ഡയറി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.
- കവർ പേജ്,ചെക്ക് ലിസ്റ്റ് പൂർണമാണ്.
- തൊഴിലാളികളുടെ സാക്ഷ്യപത്രം, ചികിത്സാച്ചെലവ് , വാടക ഇവ പൂർണമായി രേഖപ്പെടുത്തിയിട്ടില്ല.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് രേഖപ്പെടുത്തിടുണ്ട്. ഗുണമേന്മകൾ ഒന്നും രേഖപ്പെടുതത്തിട്ടില്ല.
- സന്ദർശകർ കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**<u>അവകാശാധിഷ്ഠിത നിഷേധങ്ങൾ</u>**

<u>തൊഴിൽ കാർഡ്</u>

എ എം സി 2018- 19 Para 1ഷെഡ്യൂൾ 2 മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില് തൊഴില് ചെയ്യുവാന് ആഗ്രഹിക്കുന്ന 18 വയസ് തികഞ്ഞ അവിദ്ഗധ കായികാധ്വാനത്തിൽ ഏർപ്പെടുവാൻ താല്പര്യമുള്ള ഏതൊരാൾക്കും തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം ഉണ്ട്.

- എ എം സി 2018 -19 Para 2 ഷെഡ്യൂൾ 2 പ്രകാരം അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശവും പ്രസ്തുത തൊഴിൽ കാർഡിൽ ഫോട്ടോ പഞ്ചായത്ത് തന്നെ സൗജന്യമായി നൽകേണ്ടതുമാണ്:
- പതിനെന്നാം വാർഡില് തൊഴില് ചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും പുതുക്കിയ തൊഴില് കാർഡ് അനുവദിച്ചിട്ടുണ്ട്.എന്നാല് തൊഴില് കാർഡിലെ ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവില് എടുത്തു കൊടുത്തതാണ്.
- പരിശോധിച്ച തൊഴിൽ കാർഡിൽ തൊഴില് ചെയ്ത വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല .ഹാജർകൃത്യമായി രേഖപ്പെടുത്തിടുണ്ട്.
- ഈ കാർഡിൻറെ പൂർണ്ണ അവകാശം തൊഴിൽ കാർഡ് ഉടമയ്ക്ക് മാത്രമുള്ളതും ഇത് മറ്റാരുടെയും കൈവശം വയ്ക്കാൻ പാടില്ലാത്തതുമാണ് . എന്നാൽ തൊഴിൽ വിവരങ്ങൾ രേഖപ്പെടുത്താൻ മേറ്റിന് മാത്രം തൊഴിൽ കാർഡ് കൈമാറാവുന്നതാണ് .മേറ്റിൻറ കൈവശം സൂക്ഷിക്കാൻ പാടില്ല

<u>തൊഴിൽ അനുവദിക്കുന്നതും ആവശ്യപ്പെടുന്നതും സംബന്ധിച്ച്</u>

- എ എം സി 2018-19പാരാ (6) ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശവും ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം തൊഴിലാളികൾക്ക് ഉള്ളതാണ്.
- എന്നാൽ ഡിമാൻറ് എ എം സി അനുബന്ധം 3(എ) ,3(ബി) പ്രകാരമുള്ള ഡിമാൻറ് ഫോമുകളിൽ അപേക്ഷിക്കുന്നതായോ അപേക്ഷകൾ പഞ്ചായത്തിൽ നൽകി രസീതി നൽകുകയോ നാളിതു വരെ ചെയ്തിട്ടില്ലാത്തതാണ് .
- പരിശോധിച്ച എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിരിക്കുന്ന ഡിമാൻറ് ഫോം ൽ വെള്ള പേപ്പറിൽ തൊഴിലാളികളുടെ വിവരങ്ങൾ മേറ്റിൻറെ നേതൃത്വത്തിൽ എഴുതി നൽകുന്നുയെന്നല്ലാതെ എത്ര ദിവസത്തേക്ക് തൊഴിൽ ആവശ്യമാണെന്ന് രേഖപ്പെടുത്തുന്നില്ല .എന്നാൽ ഈ അപേക്ഷ പരിഗണിച്ച് കൃത്യമായി വർക്ക് അലോക്കേഷൻ പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട അധികാരി ഒപ്പിട്ടിരിക്കുന്നത് പ്രശംസാർഹമാണ്.

**<u>വേതനം ലഭിക്കുന്നത് സംബന്ധിച്ച്</u>**

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ 3(2) പ്രകാരം തൊഴിൽ ചെയ്തു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴിലാളികൾക്ക് വേതനം ലഭിക്കേണ്ടതാണ്.ഇതില് വിഴ്ചസംഭവിക്കുകയാണെങ്കില് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിയമം Schedule 2 ലെ പാര 29 പ്രകാരം തൊഴിൽ ദിനത്തിൽ ഒരു ദിവസത്തിന് അഞ്ച് പൈസ നിരക്കിൽ നഷ്ടപരിഹാരം നിർബന്ധമായി നൽകേണ്ടതാണ് .

- തൊഴിലാളികളുടെ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാന് സാധിച്ചത് തൊഴില് ചെയ്ത മുഴുവ തൊഴിലാളികൾക്ക് വ്യക്തിഗതമായി ലഭിച്ച തെങ്ങിൻ തൈകൾ പലരും മറ്റുപലർക്കു കൊടുത്തതായി സന്ദർശനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. സ്ഥലപരിമിതി കാരണം മറിച്ചു കൊടുത്തതാണെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.മറിച്ചു കൊടുത്ത തൈങ്ങിൻ തൈകൾ തൊഴിലാളികൾ തന്നെയാണ് നട്ടു കൊടുത്തിരിക്കുന്നത്.
- തൊഴിലാളികൾക്കും സമയബന്ധിതമായി വേതനം ബാങ്ക് അക്കൗണ്ടിൽ വന്നതായി കണ്ടു.

**<u>ഷെൽഫ് ഓഫ് പ്രോജക്റ്റ്</u>**

വാർഡിൽ ആവശ്യമായ വികസന പ്രവർത്തികൾ കണ്ടെത്തുന്നതിന് തൊഴിലാളികൾക്ക് അവകാശം ഉണ്ട്. അയൽക്കൂട്ടതല ചർച്ചയിലൂടെ കണ്ടെത്തുന്ന പ്രവർത്തികൾ ഗ്രാമസഭയിൽ അംഗീകാരം നേടുകയും

തൊഴിലുറപ്പിൽ അനുവദനീയമായ നിർവ്വഹണ ഏജൻസി പ്രസ്തുത പ്രവർത്തികൾ മുൻഗണന ക്രമത്തിൻ ഷെൽഫ് ഓഫ് പ്രോജക്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

**<u>യാത്രാ ചെലവ് സംബന്ധിച്ച്</u>**

തൊഴിലാളികൾക്ക് താമസ സ്ഥലത്തു നിന്നും 5 കിലോമീറ്റർ ചുറ്റളവിൻ തൊഴിൽ ലഭിക്കുവാനുള്ള അവകാശമുണ്ട്.പ്രസ്തുത പരിധിക്കു പുറത്തു തൊഴിൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ യാത്രാ ബത്തയായി കൂലിയുടെ 10% തുക നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാക്കണം.ഓരോ വാർഡിലും കണ്ടെത്തിയിട്ടുള്ള പ്രവർത്തികൾ പൂർത്തികരിച്ച ശേഷം മാത്രമേ വാർഡിന് പുറത്തു തൊഴിലാളികൾക്ക് പ്രവർത്തി അനുവദിക്കാൻ പാടുള്ളൂ.

**<u>പ്രവർത്തി സ്ഥലത്തെ സൗകര്യങ്ങൾ സംബന്ധിച്ച്</u>**

തൊഴിലിടങ്ങളിൽ ലഭിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്, തണൽ ,കുടിവെള്ളം ,സുരക്ഷ ഉപകരണങ്ങളായ കൈയുറ കാലുറ എന്നിവ നിയമപ്രകാരം നിർവ്വഹണ ഏജൻസി വഴി തൊഴിലാളികൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്.

- സുരക്ഷാ ഉപകരണങ്ങളും തണൽ ,എന്നിവ തൊഴിലിടത്ത് ഇല്ലെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

**<u>പദ്ധതി ആരംഭ മീറ്റിംഗ്</u>**

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22 പ്രകാരം ഒരു പ്രവർത്തി ആരംഭിക്കുന്നതിന് മുമ്പ് പ്രവർത്തിയെ കുറിച്ചുള്ള മുഴുവൻ വിവരങ്ങളും തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ,വാർഡ് മെമ്പർ ,സങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ പദ്ധതി ആരംഭ മീറ്റിംഗ് കൂടണം. എന്നിൽ എല്ലാ തൊഴിലാളികളും മീറ്റിംഗില് പങ്കെടുക്കില്ല എന്നു പറഞ്ഞു..

**<u>തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച്</u>**

തൊഴിലാളികൾക്ക് പണി സ്ഥലത്തു വെച്ച് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിക്കുകയാണെങ്കിൽ ചികിത്സക്ക് ആവശ്യമായി വരുന്ന മുഴുവൻ ചിലവുകളും ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തൊഴിലാളിക്ക് ലഭ്യമാക്കേണ്ടുന്ന നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിക്കേണ്ടതാണ് ഇതു . കൂടാതെ തൊഴിലിടങ്ങളിൽ വെച്ച് മരണം സംഭവിക്കുകയാണെങ്കില്25000/- രൂപയും തൊഴിലാളിയുടെ കുടുംബത്തിന് ലഭിക്കേണ്ടതാണ് .

- നാളിതുവരെ ആർക്കും അപകടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല .

**<u>സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്</u>**

- പ്രവർത്തി നടക്കുന്ന എല്ലാ സ്ഥലങ്ങളിലും പ്രവർത്തിയുടെ വിശദമായ വിവ രങ്ങൾ അടങ്ങിയ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്. പതിനൊന്നാം വാർഡിലെ തരിശ് നിലം കൃഷിക്ക് അനുയോജ്യമാക്കിയ ശിവൻ ശ്യാമകൃപയില് വിവരങ്ങള് ഒന്നും തന്നെ രേഖപ്പെടുത്താത്ത സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.
- എന്നാൽ മെറ്റീരിയൽ രജിസ്റ്ററിൽ 2 പ്രവർത്തികളുടെ ഡിസ്പ്ലേ ബോർഡിന്റെ 4500 രൂപ വീതം രേഖപ്പെടുത്തിയതായി കാണുന്നു.

**<u>മേറ്റ്</u>**

തൊഴിൽ കാർഡ്, സൈറ്റ് ഡയറി ,മസ്റ്ററോൾ എന്നിവ കൃത്യമായി പൂരിപ്പിക്കുക. തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തുക പ്രവർത്തിയുടെ മേൽനോട്ടം ,പണി സ്ഥലത്ത് തൊഴിലാളികളുടെ അവകാശങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടത് മേറ്റുമാരുടെ ചുമതലകളാണ്. ഓരോ 15 ദിവസം കഴിയുമ്പോഴും പുതിയ മേറ്റുമാർ ചുമതലയേൽക്കേണ്ടതാണ് . എന്നാൽ പതിനൊന്നാം വാർഡിൽ മേറ്റായി മണിയമ്മ പ്രദീപ് മാത്രം പ്രവർത്തിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു.ഈ വാർഡില് 16 ആക്റ്റീവ് തൊഴിലാളികൾ ഉണ്ട്, അതിൽ മണിയമ്മ പ്രദീപ്,അമ്മിണി വിജയൻ, മിനി അനില് എന്നിവർക്ക് മേറ്റ് ട്രെയിനിംഗ് ലഭിച്ചിട്ടുണ്ട് .

<u>വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി</u>

തൊഴിലുറപ്പ് പ്രവർത്തി കൃത്യമായി നിരീക്ഷിക്കുന്നതിനും പദ്ധതി കര്യക്ഷമമാക്കുന്നതിനും വാർഡ് തലത്തിൽ മേൽനോട്ട സമിതികൾ രൂപികരിച്ചിട്ടുണ്ട് .ഈ വാർഡിൽ ജഗ്രതാ സിമിതി അംഗങ്ങൾ സൈറ്റ് ഡയറിയിൽ ഒപ്പ് രേഖപ്പെടുത്തിടുണ്ട് .

- തൊഴിലാളികളില് നിന്ന് അറിയാൻ കഴിഞ്ഞത് വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയംഗങ്ങൾ പ്രവർത്തി സ്ഥലം പരിശോധിക്കാറില്ല, തൊഴിലുറപ്പ് ആദ്യമായി തുടങ്ങിയ കാലഘട്ടങ്ങളില് ഇവർ തൊഴിലിടങ്ങൾ സന്ദർശിച്ച് അഭിപ്രായങ്ങൾ പറയുമായിരുന്നു.

## പരാതിപരിഹാരം

തൊഴിലുറപ്പ് പദ്ധതി നിയമം ഷെഡ്യൂൾ 19 പ്രകാരം ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കേണ്ടതാണ്. പരാതികൾ ഫോൺ മുഖേനയോ, ടോൾ ഫ്രീ നമ്പറിൽ വിളിച്ചോ(18004251004,18004257552-പത്തനംതിട്ട), രേഖാമൂലം എഴുതിയോ ,ഇ മെയിൽ വഴിയോ നൽകാവുന്നതാണ് എന്നാൽ ഇതുവരെ രേഖാമൂലം പരാതികൾ നൽകിയിട്ടില്ല എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

## പ്രധാന കണ്ടെത്തലുകൾ

- പതിനെന്നാം വാർഡിലെ മുഴുവൻ തൊഴിലാളികളും തൊഴിൽ കാർഡ് അവരവരുടെ പക്കൽ സൂക്ഷിച്ചിട്ടില്ല.മേറ്റിൻറെ കൈവശം ആണ് സൂക്ഷിച്ചിരിക്കുന്നത് .തൊഴിലിൻറെ വിവരങ്ങൾ രേഖപ്പെടുത്താൻ വേണ്ടി മേറ്റിൻറെ കൈവശം കൊടുത്തിരിക്കുകയാണെന്ന് തൊഴിലാളികൾ പറഞ്ഞു
  - പരിശോധിച്ച് മുഴുവൻ തൊഴിൽ കാർഡുകളിലും തൊഴിൽ ചെയ്ത് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല .കാരണം മേറ്റിന് അറിയില്ലായിരുന്നു.ഹാജർ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് .
  - നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ പതിനെന്നാം വാർഡിൽ തൊഴിൽ ചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിൽകാർഡ് അനുവദിച്ചിട്ടുണ്ട് . എന്നാൽ തൊഴിൽ കാർഡിലെ ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവിൽ എടുത്തു കൊടുത്തതാണ്.ഓരാൾക്ക് ഫോട്ടോയ്ക്ക് 80 രൂപാ വീതം ചെലാവായിട്ടുണ്ട്.(16*80=1280 RS)
  - ബാങ്ക് പാസ് ബുക്ക് എല്ലാവരും പതിപ്പിച്ചിട്ടില്ലായിരുന്നു.
  - പ്രവർത്തി തുടങ്ങുന്നതിനു മുൻപ് സംഘടിപ്പിക്കാറുള്ള പദ്ധതി ആരംഭ മീറ്റിംഗില് എല്ലാവരും പങ്കെടുക്കാറില്ല എന്ന് തൊഴിലാളികളും അഭിപ്രായപ്പെട്ടു . മീറ്റിംഗില് പങ്കെടുക്കാത്തതിൻറെ കാരണം എഴുതി നല്കാറില്ല.മേറ്റ് എല്ലാവരുടെയും പേരുവിവരങ്ങൾ എഴുതി നല്കാറാണ് ഉള്ളത്.
  - തൊഴിലാളികൾക്ക് വ്യക്തിഗതമായി ലഭിച്ച തെങ്ങിൻ തൈകൾ പലരും മറ്റുപലർക്കു കൊടുത്തതായി സന്ദർശനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. സ്ഥലപരിമിതി കാരണം മറിച്ചു കൊടുത്തതാണെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.മറിച്ചു കൊടുത്ത തൈങ്ങിൻ തൈകൾ തൊഴിലാളികൾ തന്നെയാണ് നട്ടു കൊടുത്തിരിക്കുന്നത്.
  - തരീശ് നിലം കൃഷിക്കനുയോജ്യമാക്കിയിടത്ത് കൃഷിചെയ്തതായി കാണാൻ കഴിഞ്ഞു.തരീസ് നിലം ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കരമടച്ച രസീതിൽ പറഞ്ഞിരിക്കുന്ന ഒരു ഭൂമിയില് തൊഴിലാളികൾ പണി ചെയ്തിട്ടില്ലെന്ന് സന്ദർശനത്തിൽ അറിയാൻ കഴിഞ്ഞു .അവിടെ തൊഴിലാളിക്കൾക്ക് മുന്പേ വീട്ടുക്കാർ തനിയെ ചെയ്തതായി മനസിലാക്കാന് സാധിച്ചു .സുബില സി ഏബ്രഹാം ആലുമൂട്ടില്).
  - തരീശ് ഭൂമി കൃഷിക്ക് വേണ്ടി ഒരുക്കിയിടങ്ങൾ 1)റെന്നി ജേക്കബ് ചാണ്ടി കൊടുവാശ്ശേരുല്( 10 സെൻറ്),2)ശ്യാമളവല്ലി,ശ്യാമ കൃപ (1ഏക്കർ) 3)ശ്രീദേവി ,ശ്രീഭവൻ,പൊടിയാടി 4) പ്രമോദുമാർ,പുതുമഠത്തില്, ഈ ഭൂമിയില് എല്ലാം തൊഴിലാളികൾ തൊഴില് ചെയ്തതായി ഭൂവുടമകൾ സാക്ഷ്യപ്പെടുത്തിടുണ്ട്.
  - വെള്ളം പറമ്പില് കയറി കിടന്നതിനാല് ശ്യാമകൃപയില് മുഴുവൻ ഭൂമിയും അളക്കാൻ സാധിച്ചില്ല
  - ഈ പണി പിന്നീട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ അപാകത മൂലം നിർത്തി വച്ചതായി ഫയലില് റിപ്പോർട്ട് എഴുതിയിട്ടിട്ടുണ്ട്.
  - സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ പൂർണ്ണമായും വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി സ്ഥലങ്ങളില് സ്ഥാപിച്ചിട്ടില്ല.
  - ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന സർവ്വേ ഡേറ്റായിൽ തെങ്ങിൻ തൈ നട്ടിട്ടുള്ള ഗുണഭോക്താക്കളുടെ ഒപ്പ് രേഖപെടുതിയതായി കാണാൻ സാധിച്ചില്ല
  - സർവ്വേ ലിസ്റ്റിൽ ഉൾപ്പെടാത്ത 6 വ്യക്തികളുടെ വീടുകളിലായി 11 തെങ്ങിൻ തൈ നട്ടിട്ടുള്ളതായി പ്രവർത്തി സ്ഥല പരിശോധനയില് കാണാൻസാധിച്ചു .
  - സർവ്വേ ലിസ്റ്റിലുള്ളവരുടെ പേരിലുള്ള 36 തെങ്ങിൻ തൈകൾ മറിച്ച് ലിസ്റ്റിലുള്ളവർക്ക് തന്നെ നട്ടിട്ടുണ്ട്
  - ശിവൻ ശ്യാമ കൃപയില് വീട്ടില് ലിസ്റ്റില് ഉള്ളത്ത് കൂടാതെ 29 തൈകൾ കൂടതല് നട്ടു.ഇതില് 14 എണ്ണം പ്രവർത്തി സ്ഥല പരിശോധനയില് കാണാൻ സാധിച്ചു . 17 തെങ്ങിൻ തൈകൾ വെള്ളം കയറി അഴുകി പോയി.
  - ലിസ്റ്റില് ഉള്ള 13 പേർക്ക് തെങ്ങിൻ തൈ ലഭിച്ചിട്ടില്ല എന്നു അഭിപ്രയാപ്പെട്ടു. തൊഴിലുറപ്പുകരുടെ കയ്യില് പണം നൽകിയത് തിരിച്ചു കൊടുത്തിടുണ്ട്.

- എസ്റ്റിമേറ്റ് പ്രകാരം 200 തെങ്ങിൻ തൈകൾ നടുക എന്നതായിരുന്നു പദ്ധതി .അതിലും കൂടുതല് തൈങ്ങിൻ തൈകൾ ഫീല്ഡില് കാണാൻ കഴിഞ്ഞു. കൂടുതല് വന്ന തൈകൾ കൃഷിഭവനില് നിന്ന് നേരിട്ട് പണം അടച്ചവരുടെ തൈകൾ കൂടി .തൊഴിലാളികളുടെ കൈവശം കൊടുത്താണ് .200 തെങ്ങിൻ തൈകൾ മാത്രമേ തൊഴിലാളികൾ നട്ടിരിക്കുന്നത് .ബാക്കി അവരവർ തന്നെയാണ് നട്ടിരിക്കുന്നത് .തൊഴിലാളികൾ പറഞ്ഞു.
- പരിശോധിച്ച് മാസ്റ്ററോളുകളിൽ വെട്ടിതിരുത്തലുകൾ കണ്ടെത്തി.

**<u>പൊതു നിർദ്ദേശങ്ങൾ</u>**

- ജനകീയ എസ്റ്റ്മേറ്റ് നിർബന്ധമായി തയ്യാറാക്കുകയും അത് തൊഴിലാളികൾക്ക് ലഭ്യമാക്കുകയും വേണം.
- വിജിലൻസ് ആൻഡ് മോണിറ്ററിംഗ് അംഗങ്ങൾ ഓരോ ആറ് മാസം കൂടുമ്പോള് മാറേണ്ടതും ഈ സമിതി അംഗങ്ങൾ സമയബന്ധിതമായിപ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കേണ്ടതും പ്രവർത്തിയെപ്പറ്റിയുള്ള വിലയിരുത്തലുകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തതേണ്ടതുമാണ് .
- മേറ്റ്മാർക്കും വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾക്കും സമയബന്ധിതമായി പരിശീലനം നൽകേണ്ടതാണ് .
- മെറ്റീരിയൽ വർക്കുകൾ, എസ് സി /എസ് റ്റി വിഭാഗം തൊഴിലാളികളെ പദ്ധതിയിൽ കൂടുതല് സജീവമാക്കുക
- ഡിമാൻഡ് കൃതിയമായ രീതിയില് നല്കാന് തൊഴിലാളികളെ പ്രേരിപ്പിക്കുക
- തൊഴിൽ ഉറപ്പു ഗ്രാമസഭയില് പൊതു ജനങ്ങളുടെ കൂടുതല് പങ്കാളിത്തം ഉറപ്പാക്കുക
- കാർഷിക കലണ്ടർ തയ്യാറാക്കുക

**<u>തൊഴിലാളികൾക്ക്</u>**

- തൊഴിലാളികൾ കൃത്യമായി അവകാശങ്ങൾ മനസ്സിലാക്കുകയും അതുവഴി വഴി അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യുക
- തൊഴിൽ സംബന്ധമായ ഏത് രേഖകൾ നൽകുമ്പോഴും ബന്ധപ്പെട്ട അധികാരികളിൽ നിന്ന് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.
- തൊഴിൽ ഗ്രൂപ്പായി കണ്ടെത്തി അത് ചെയ്യുവാൻ പഞ്ചായത്തിൽ തൊഴിൽ അപേക്ഷ നൽകുന്നത് വഴി 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കാൻ ശ്രമിക്കുക.
- ജോലി സമയത്തിൽ കൃത്യത പാലിക്കുകയും മസ്റ്റർ റോളിൽ ഒപ്പിടുകയും തൊഴിൽ കാർഡ് മേറ്റിനു നൽകി കൃത്യമായി പൂരിപ്പിച്ചശേഷം തിരികെ വാങ്ങേണ്ടതാണ്.
- ഗ്രാമസഭകളിൽ പങ്കെടുത്തു നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കേണ്ടതാണ്.

**<u>മേറ്റ് മാർക്ക്</u>**

- സൈറ്റ് ഡയറി, മാസ്റ്റർ റോൾ ,തൊഴിൽ കാർഡ് എന്നിവ ഇവ കൃത്യമായി രേഖപ്പെടുത്തുക . വെട്ടി തിരുത്തലുകൾ ഉണ്ടാകാൻ പാടില്ല.
- പരിശീലനത്തിൽ ലഭിച്ച വിവരങ്ങൾ തൊഴിലാളികൾക്ക് മനസ്സിലാക്കിക്കൊടുക്കുക.
- തൊഴിൽ കാർഡുകൾ പൂരിപ്പിച്ചശേഷം തൊഴിലാളികൾക്ക് നിർബന്ധമായും കാർഡുകൾ തിരികെ നൽകുക .
- ദാഹജലം, തണൽ ,മരുന്നുകൾ ഇവ പണിസ്ഥലത്ത് ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- സൈറ്റ് ഡയറി കൃത്യമായി പൂരിപ്പിക്കുന്നതിനോടൊപ്പം മോണിറ്ററിംഗിന് എത്തുന്നവരുടെ നിർദ്ദേശങ്ങളും ഒപ്പും കൃത്യമായി രേഖപ്പെടുത്തുക.
- മറ്റു തൊഴിലാളികൾ മേറ്റ് സ്ഥാനം ഏറ്റെടുക്കുന്നതിന് സഹായിക്കുക .

**<u>ഉദ്യോഗസ്ഥർക്ക്</u>**

- തൊഴിൽ തൊഴിൽ കാർഡ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് സൗജന്യമായി നൽകുന്നു എന്ന് ഉറപ്പാക്കുക.
- പ്രവർത്തി സ്ഥലം പരിശോധിച്ചു പ്രവർത്തി ആവശ്യമെങ്കിൽ അർഹരായവർക്ക് വേണ്ടിയും എസ്റ്റിമേറ്റ് തയ്യാറാക്കുക .
- പദ്ധതിയുടെ പുരോഗതി കൃത്യമായി മോണിറ്ററിങ് ചെയ്തു നിർദ്ദേശങ്ങൾ നൽകേണ്ടതാണ് .
- ഫയലിൽ ഉൾപ്പെടുന്ന എല്ലാ രേഖകളിലും ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പേര് ,ഒപ്പ്, സീല്, തീയതി ഇവ കൃത്യമായി രേഖപ്പെടുത്തണം.
- ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായും ഉണ്ടാക്കണം.
- ആനുവൽ മാസ്റ്റർ സർക്കുലറിൽ പരാമർശിച്ച രീതിയിൽ പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട 22 രേഖകൾ കൃത്യമായി സൂക്ഷിക്കണം.
- പ്രവർത്തി ആരംഭ മീറ്റിംഗിൽ പ്രവർത്തിയെ കുറിച്ച് കൃത്യമായി തൊഴിലാളികളെ മനസ്സിലാക്കേണ്ടതാണ്.
- ലേബർ ബഡ്ജറ്റ് ,വാർഷിക കർമ്മപദ്ധതി,ഷെൽഫ് ഓഫ് പ്രൊജക്റ്റ്, വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ ഉറപ്പിക്കേണ്ടതാണ്.

- തൊഴിലാളികൾക്ക് വേതനവും തൊഴിൽ ദിനങ്ങളും ഉറപ്പുവരുത്തുന്നതിന്നോടൊപ്പം ആസ്തികൾ സൃഷ്ടിക്കാൻ കഴിയുന്ന വിധത്തിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങളെയും തൊഴിലാളികളെയും പ്രാപ്തരാക്കുക.

**<u>ഗ്രാമപഞ്ചായത്തിനോട്</u>**

- കൃത്യമായി ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുക.
- വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുക .സാമൂഹ്യ വിശ്വാസം ,സേവന മനസ്ഥിയുള്ള അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ കമ്മിറ്റി രൂപീകരിക്കുക .
- സ്ഥിര ആസ്തിയുള്ള പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കണം.
- ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക .
- ഗുണമേന്മയുള്ള സ്ത്രീ സൗഹൃദവും ആയ ആയുധങ്ങൾ ആണെന്ന് ഉറപ്പാക്കുക .
- തുക വിനിയോഗിക്കുന്നതിന് ആപേക്ഷികമായ ആസ്തികൾ ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തുക.

**<u>കൃഷിഭവനിൽ നിന്നും വിതരണം ചെയ്ത തെങ്ങിൻ തൈയുടെ നടീലിനേയും പരിപാലനത്തെയും സംബന്ധിച്ച്</u>**

| Sl no | കൃഷി ഭവന് ലിസ്റ്റ് നമ്പർ | പേര് | ലഭിച്ച എണ്ണം | തെങ്ങ് തൈ 1 | | | തെങ്ങ് തൈ 2 | | |
|---|---|---|---|---|---|---|---|---|---|
| | | | | നീളം | വീതി | വിസ്തീർണ്ണം(1ച. സെ.മീ) | നീളം | വീതി | വിസ്തീർണ്ണം |
| 1 | 1 | ഗോപകുമാർ | 2 | 1 | 1 | 1 | 1 | 1 | 1 |
| 2 | 2 | രാകേഷ് രാകേഷ് ഭവൻ | 2 | .67 | .70 | .46 | 71 | .67 | .47 |
| 3 | 3 | റ്റി,വി വിജയകുമാർ | 2 | .82 | .97 | .79 | 1 | 1 | 1 |
| 4 | 4 | ബാലകൃഷ്ണപിള്ള തുണ്ടിയില് | 2 | .62 | .62 | .38 | .60 | .60 | .36 |
| 5 | 5 | ശ്രീദേവി ശ്രീഭവൻ | 2 | .88 | .90 | .79 | .76 | .70 | .53 |
| 6 | 6 | കെ, ശോഭന | 2 | വെള്ളം കയറി അഴുകി | | | | | |
| 7 | 7 | കെ.ഈ ചാണ്ടി | 2 | .61 | .61 | .37 | .68 | .75 | .51 |
| 8 | 8 | ജി ഗോപാലപിള്ള | 2 | മറിച്ചു കൊടുത്തു സാവിത്രി (56) | | | | | |
| 9 | 9 | കെ. വിജയകുമാർ | 2 | .72 | .65 | .46 | .60 | .54 | .24 |
| 10 | 10 | പീതാംബരൻ | 2 | .64 | .68 | .43 | .69 | .55 | .37 |
| 11 | 11 | സോമൻ തിരുവാതിര | 2 | കവറില് തന്നെ ഇരിക്കുകയാണ് | | | | | |
| 12 | 12 | ഓമന നടേശൻ | 2 | .65 | .65 | .42 | വെള്ളം കയറി പേയി | | |
| 13 | 13 | മോനച്ചൻ | 2 | .66 | .66 | .36 | .70 | .70 | .49 |
| 14 | 14 | പൊന്നപ്പൻ | 2 | .50 | .60 | .30 | .50 | .60 | .30 |
| 15 | 15 | മിനി അനില് | 2 | ലൈഫ് വീട് കിട്ടിയത് കടപ്ര പഞ്ചായത്തില് തൈ നട്ടിരിക്കുന്നത് | | | | | |
| 16 | 16 | ജോണ് പി ജോസഫ് | 2 | .83 | .84 | .69 | .84 | .85 | .71 |
| 17 | 17 | വർഗ്ഗീസ് പൈനുമുട്ടില് | 2 | .87 | .87 | .75 | .82 | .82 | .67 |
| 18 | 18 | ശിവൻ ശ്യാമ കൃപ | 2 | .90 | .90 | .81 | 1 | 1 | 1 |
| | | | 2 | .96 | 1 | .96 | .90 | .91 | .81 |
| | | | 2 | .70 | .80 | .56 | .74 | .74 | .54 |
| | | | 2 | .96 | .90 | .82 | .80 | .83 | .65 |
| | | | 2 | വെള്ളം കയറി അഴുകി | | | .81 | .81 | .65 |
| | | | 2 | .82 | .82 | .65 | .80 | .82 | .66 |
| | | | 2 | വെള്ളം കയറി അഴുകി പോയി | | | | | |
| | | | 2 | .70 | .80 | .56 | 1 | 1 | 1 |
| | | | 2 | 1 | 1 | 1 | വെള്ളം കയറി അഴുകി പോയി | | |
| | | | 13 | വെള്ളം കയറി അഴുകി പോയി | | | | | |
| 19 | 19 | ഭാരതി വാസു | 2 | .30 | .30 | .09 | വെള്ളം കയറി തടം | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | നികന്നു | | |
| 20 | 20 | മണിയമ്മ പ്രദീപ് | 2 | മറിച്ചു കൊടുത്തു | | | | | |
| 21 | 21 | ഗീത പുരുഷൻ | 2 | വള്ളത്തില് പോകണം വള്ളം ഇല്ലായിരുന്നു | | | | | |
| 22 | 22 | മനു അശ്വദീപം | 2 | .90 | .90 | .81 | .70 | .70 | .49 |
| 23 | 23 | ഗോമതി ശ്രീവല്ലഭം | 2 | വെള്ളം കയറി തടം നികന്നു | | | | | |
| 24 | 24 | ഗീത സംഗീത | 2 | .67 | .67 | .44 | .67 | .67 | .44 |
| 25 | 25 | ശശിമോൻ | 2 | വെള്ളം കയറി ഉണങ്ങിപോയി | | | | | |
| 26 | 26 | വിനോദ് കുരിക്കോട്ട് | 2 | .60 | .60 | .36 | വെള്ളം കയറി അഴുകി | | |
| 27 | 27 | വിദ്യ ഗീതഭവൻ | 2 | വെള്ളം കയറി അുകി പോയി | | | | | |
| 28 | 28 | ഹരികുമാർ | 2 | തൈ നട്ടിടില്ല | | | | | |
| 29 | 29 | കെ.ബി.ശ്രീകല | 2 | .82 | .82 | .67 | .82 | .82 | .67 |
| 30 | 30 | തങ്കമ്മ പോങ്ങുകാലായില് | 2 | വെള്ളം കയറി അഴുകി പോയി | | | | | |
| 31 | 31 | സുകില | 2 | .75 | .72 | .54 | .75 | .75 | .52 |
| 32 | 32 | മോളി തോമസ് | 2 | .91 | .90 | .81 | വെള്ളം കയറി അഴുകി | | |
| 33 | 33 | സുകുമാരൻ | 2 | .85 | .85 | .72 | .70 | .70 | .49 |
| 34 | 34 | മിനി മനോജ് | 2 | വെള്ളം കയറി അഴുകി പോയി | | | | | |
| 35 | 35 | സുനിത പ്രസന്നൻ | 2 | 1 | 1 | 1 | .70 | .70 | .49 |
| 36 | 36 | വിനോദ് പുത്തൻ വീട്ടില് | 2 | വെള്ളം കയറി തടം നികന്നു | | | | | |
| 37 | 37 | രവി | 1 | 1 | 1 | 1 | | | |
| 38 | 38 | സുകു | 1 | വെള്ളം കയറി തടം നികന്നു | | | | | |
| 39 | 39 | അശ്വതി | 1 | വെള്ളം കയറി തടം നികന്നു | | | | | |
| 40 | 40 | രജനി | 2 | വെള്ളം കയറി അഴുകി | | | | | |
| 41 | 41 | സരോജിനി | 2 | വെള്ളം കയറി തടം നികന്നു | | | | | |
| 42 | 42 | സന്തോഷ് | 0 | തൈ കിട്ടിയില്ല | | | | | |
| 43 | 43 | ശാന്തമ്മ | 2 | .85 | .85 | .72 | 1 | 1 | 1 |
| 44 | 44 | പ്രദീപ് | 2 | .62 | .62 | .38 | .62 | .62 | .38 |
| 45 | 45 | മേരിക്കുട്ടി | 2 | 1 | 1 | 1 | 1 | 1 | 1 |
| 46 | 46 | അനില് | 2 | വാർഡ് 10 ,കടപ്ര പഞ്ചായത്തില് താമസം മാറി | | | | | |
| 47 | 47 | ശുഭാംഗി | 2 | വെള്ളം കയറി അഴുകി | | | | | |
| 48 | 48 | ബാലകൃഷ്ണൻ | 2 | 1 | 1 | 1 | 1 | 1 | 1 |
| 49 | 49 | ശ്രീകുമാർ | 2 | .85 | .85 | .72 | വെള്ളം കയറി അഴുകി പോയി | | |
| 50 | 50 | രാജശേഖരൻ | 2 | വെള്ളം കയറി തടം നികന്നു | | | | | |
| 51 | 51 | സന്തോഷ് | 2 | വെള്ളം കയറി തടം നികന്നു | | | | | |
| 52 | 52 | ഉണ്ണികൃഷ്ണൻ | 2 | വെള്ളം കയറി തടം നികന്നു. | | | | | |
| 53 | 53 | രാമചന്ദ്രൻ | 2 | വെള്ളം കയറി അഴുകി പോയി | | | | | |
| 54 | 54 | സരസ്വതി | 2 | .77 | .77 | .59 | .77 | .77 | .59 |
| 55 | 55 | സുമതിയമ്മ | 2 | .69 | .70 | .48 | വെള്ളം കയറി അഴുകി | | |
| 56 | 56 | സാവിത്രി | 2 | .82 | .42 | .34 | .60 | .60 | .36 |
| | | | 2 | .65 | .65 | .42 | വെള്ളം കയറി അഴുകി | | |
| | | | 2 | .82 | .70 | .54 | ഉണങ്ങിപോയി | | |
| 57 | 57 | ബിന്ദു | 2 | .75 | .73 | .54 | .68 | .69 | .46 |
| 58 | 58 | പ്രസന്നകുമാർ | 2 | .65 | .65 | .42 | .67 | .63 | .43 |
| 59 | 59 | നാരായണൻ | 2 | വെള്ളം കയറി തടം നികന്നു | | | | | |
| 60 | 60 | രാജലക്ഷ്മി | 2 | .85 | .85 | .72 | .75 | .75 | .56 |
| 61 | 61 | ഹരിന്ദ്രനാഥ | 2 | .82 | .82 | .67 | .72 | .72 | .51 |
| 62 | 62 | മറിയാമ്മ | 2 | .85 | .85 | .72 | അഴുകി പോയി | | |
| 63 | 63 | ബാബുച്ചായൻ | 2 | വെള്ളം തടം നികന്നു | | | | | |
| 64 | 64 | ജോണി | 2 | .82 | .82 | .67 | .83 | .85 | .70 |
| 65 | 65 | ബാബു | 2 | .80 | .81 | .65 | .60 | .60 | .36 |
| 66 | 66 | രാജു | 0 | തൈ കിട്ടിയില്ല | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 67 | 67 | ചാക്കോ | 2 | .67 | .67 | .44 | .70 | .90 | .49 |
| 68 | 68 | തോമസ് കെ.എ | 2 | തടം വെള്ളം കയറി നികന്നു | | | | | |
| 69 | 69 | ചന്ദ്രൻ | 2 | വെള്ളം കയറി അഴുകി | | | | | |
| 70 | 70 | അനില് പി,സി | 2 | .61 | .64 | .39 | .82 | .82 | .67 |
| 71 | 71 | ബിന്ദു ആർ നായർ | 0 | കിട്ടിയിടില്ല | | | | | |
| 72 | 72 | സലേഷ് കുമാർ | 2 | .76 | .73 | .55 | .69 | .70 | .48 |
| 73 | 73 | സി.എം മാത്യു | 0 | തൈ കിട്ടിയിടില്ല | | | | | |
| 74 | 74 | അന്നമ്മ | 2 | .66 | .66 | .43 | .77 | .77 | .59 |
| 75 | 75 | സുകുമാരൻ | 2 | 2 തൈ കിട്ടിയിട്ടില്ല | | | | | |
| 76 | 76 | കുഞ്ഞമ്മ | 2 | വെള്ളം കയറി അഴുകി പോയി | | | | | |
| 77 | 77 | ഗൌരി | 2 | മറിച്ചു കൊടുത്തു  സാവിത്രി (56) | | | | | |
| 78 | 78 | ഗിരിജ | 2 | 2 തൈകിട്ടിയിട്ടില്ല | | | | | |
| 79 | 79 | ലേഖ | 2 | മണ്ണിട്ട് തടം മൂടി | | | | | |
| 80 | 80 | സുനി പൂത്രയില് | 2 | 2 തൈകിട്ടിയിട്ടില്ല | | | | | |
| 81 | 81 | പെണ്ണമ്മ | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 82 | 82 | സരസമ്മ | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 83 | 83 | മായ മധു | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 84 | 84 | മോനി | 2 | 2 തൈകിട്ടിയിട്ടില്ല | | | | | |
| 85 | 85 | തന്പി | 2 | .65 | .65 | .42 | .50 | .50 | .25 |
| 86 | 86 | ഇടുക്കുള്ള | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 87 | 87 | സാവിത്രി | 2 | 2 തൈ കിട്ടിയിട്ടില്ല | | | | | |
| 88 | 88 | അംബിക | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 89 | 89 | അച്ചാമ്മ | 2 | ശ്യാ ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 90 | 90 | കുഞ്ഞുമോൾ | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 91 | 91 | അമ്മിണി | 2 | .67 | .67 | .44 | .30 | .30 | .09 |
| 92 | 92 | വസന്ത കുമാരി | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 93 | 93 | മായ പുതുമടത്തില് | 2 | 2 തൈകൾ കിട്ടിയില്ല | | | | | |
| 94 | 94 | ശോഭ | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 95 | 95 | വിജയൻ | 2 | .73 | .74 | .54 | .67 | .65 | .43 |
| 96 | 96 | ഭാരതി | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 97 | 97 | സുഗതൻ | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 98 | 98 | ശോഭന ചാപ്പുഴ | 2 | മറിച്ചുകൊടുത്തു | | | | | |
| 99 | 99 | അജയൻ | 2 | 1 | 1 | 1 | 1 | 1 | 1 |
| 100 | 100 | സുലോചന | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 101 | 101 | രത്നമ്മ | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 102 | 102 | ചന്ദൻ | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 103 | 103 | കെ.ആർപൊന്നമ്മ | 2 | .60 | .70 | .42 | .70 | .60 | .42 |
| 104 | 104 | ശശി കുമാർ | 2 | .87 | .82 | .74 | .65 | .67 | .43 |
| 105 | 105 | ശിവൻപിള്ള | 2 | .67 | .67 | .44 | .65 | .65 | .42 |
| 106 | 106 | തോമസ് ജോർജ് | 2 | നട്ടിടില്ല | | | | | |
| 107 | 107 | ജോണ് | 2 | നട്ടിടില്ല | | | | | |
| 108 | 108 | സരസ്വതി | 2 | .65 | .65 | .42 | വെള്ളം കയറി അഴുകി | | |
| 109 | 109 | എബ്രഹാം | 2 | ശ്യാമ കൃപ ശിവനു കൊടുത്തു.(18) | | | | | |
| 110 | 110 | പ്രസന്ന കുമാർ | 2 | വെള്ളം കയറി  കിടക്കുകയാണ് | | | | | |
| 111 | 111 | വേണുഗോപാല് | 2 | .90 | .90 | .81 | .80 | .81 | .65 |
| 112 | 112 | ശ്രീകല | 2 | വെള്ളം കയറി  കിടക്കുകയാണ് | | | | | |
| 113 | 113 | പ്രസന്ന കുമാരി | 2 | .69 | .70 | .48 | .66 | .66 | .43 |
| 114 | 114 | മോഹനചന്ദ്രൻ | 2 | .87 | .86 | .74 | .65 | .67 | .43 |
| 115 | 115 | രാജലക്ഷമി | 2 | വെള്ളംകയറി അഴുകി പോയി | | | | | |
| 116 | 116 | ടി ഐ കുരുവിള | 2 | ഈ വാർഡ് അല്ല | | | | | |
| 117 | 117 | ആനി മാത്യു | 2 | നട്ടിടില്ല | | | | | |
| 118 | 118 | വത്സല | 2 | .73 | .74 | .54 | വെള്ളം കയറി അഴുകി പോയി | | |
| 119 | 119 | ബിന്ദു ആർ നായർ കോളഭാഗത്ത് | 2 | വെള്ളം കയറി തടം നികന്നു | | | | | |
| | | ചെറുംപ്ലവില് കുറുപ്പ് | 2 | .75 | .74 | .55 | .82 | .83 | .68 |
| | | ഭാസ്ക്കരന് നന്ദുഭവൻ | 2 | വെള്ളം കയറി പോയി | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | രാജമ്മ ബിന്ദു നിവാസ് | 2 | .67 | .67 | .44 | വെള്ളം കയറി തടം നികന്നു | | |
| | | ജോഷ്യാ ഫിലിപ്പ് | 1 | .82 | .78 | .63 | | | |
| | | ശിവാനന്ദൻ | 2 | .62 | .68 | .38 | .62 | .62 | .38 |
| | | ലീലാമണി | 2 | വെള്ളം കയറി തടം നികന്നു | | | | | |

**ആകെ** തൈകൾ -238
സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുബങ്ങൾ എണ്ണം -119
സർവ്വേ ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങൾ എണ്ണം -6
-
സർവ്വേ ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ വീട്ടിൽ നട്ട തെങ്ങിൻ തൈയുടെ എണ്ണം-11
സർവ്വേ ലിസ്റ്റില് ഉള്ളവർക്ക് മറിച്ചു കൊടുത്ത് നട്ടത് -36
തൈകിട്ടാത്തവരുടെ എണ്ണം -13
തൊഴിൽ ഉറപ്പു തൊഴിലാളികൾ നട്ടത് എത്ര -179
കണ്ടെത്തിയ തെങ്ങിൻ തൈകളുടെ എണ്ണം -201

**ഗ്രാമസഭാ തീരുമാനങ്ങൾ**

സോഷ്യല് ഓഡിറ്റ് സംഘം ഫീല്ഡ് തല പരിശോധന,തൊഴിലാളികളുമായുള്ള അഭിമുഖം,എം,ഐ.എസ് പരിശോധന എന്നിവയിലൂടെ കണ്ടെത്തി തയ്യാറാക്കിയ സോഷ്യല് ഓഡിറ്റ് കരട് റിപ്പോർട്ട് ജനങ്ങൾക്ക് മുന്നില് വയ്ക്കുന്നതിന് 18/9/2019 ന് നെടുമ്പ്രം ഗ്രമാപഞ്ചായത്ത് ഹാളില് വച്ച് മുതിർന്ന വ്യക്തിയായ ശ്രീമതി .അമ്മിണി വിജയൻറെ അദ്ധ്യക്ഷതയില് സോഷ്യല് ഓഡിറ്റ് ഗ്രാമസഭ കൂടി .പഞ്ചായത്ത് പ്രസിഡൻറ് കെ.ജി സുനിൽ കുമാർ , വാർഡ് മെമ്പർമാർ.സെക്രട്ടറി രാജേഷ് കുമാർ ആർ, ബ്ലോക്ക്,EO(H) സന്ധ്യാ ദേവി ഐ,ബ്ലോക്ക് NREGA AE സൂര്യാ, വി.ഇ.□ ബിൻസി ആർ, NREGA AE അഖില് ,NREGA ഡാറ്റാ എൻട്രി ഓപ്പറേറ്റർ അമ്പിളിമോൾ.കെ.എസ്.തൊഴിലാളികൾ,ഗ്രാമവാസികൾ ഉൾപ്പെടെ 20 പേർ പങ്കെടുത്തു.അദ്ധ്യക്ഷയുടെ അനുമതിയോടെ സോഷ്യല് ഓഡിറ്റ് ടീം കരട് റിപ്പോർട്ട് അവതരിപ്പിച്ചു.റിപ്പോർട്ട് മേലുള്ള ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം സോഷ്യല് ഓഡിറ്റ് ഗ്രാമസഭയില് റിപ്പോർട്ട് കൈയടിച്ചു പാസാക്കി .

റിപ്പോർട്ടിൻമേലുള്ള ചർച്ചയുടെ അടിസ്ഥാനത്തില് എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**തീരുമാനങ്ങൾ**

- തൊഴില് കാർഡ് എടുക്കുന്നതിനും പുതുക്കുന്നതിനും ഫോട്ടോ എടുക്കുന്നതുൾപ്പെടെ മുഴുവൻ ചെലവു പഞ്ചായത്ത് വഹിക്കേണ്ടതാണ്.
- ഡിമാൻറ് കൃത്യമായി വെയ്ക്കണം .കൊടുക്കുന്ന തീയതിയും,എത്ര ദിവസത്തേക്ക് ആണ് ജോലിവേണമെന്ന് കൃത്യമായി രേഖപ്പെടുത്തണം.ഫ്രണ്ട് ഓഫീസില് കൊടുത്ത് കൈപ്പറ്റ് രസീത് വാങ്ങണം.
- പദ്ധതി ആരംഭ മീറ്റിംഗില് പങ്കെടുക്കാത്തവർ കാരണസഹിതം വ്യക്തമാക്കി സെക്രട്ടറിക്ക് ഡിമാൻറ് അപേക്ഷ നല്കേണ്ടതാണ്.
- തൊഴിലിടത്ത് തണലിനുള്ള സൗകര്യം ഉറപ്പാക്കണം .അതിന് ആവശ്യമായ ടാർപ്പോളിൻ പഞ്ചായത്തില് നിന്ന് ലഭ്യമാക്കണം.
- സുരക്ഷ ഉപകരണങ്ങളായ കൈയുറ കാലുറ എന്നിവ പഞ്ചായത്തില് നിന്ന് വാങ്ങി കൊടുക്കണം
- ഫയലുകളില് AMC പ്രകാരം ഉള്ള 22 രേഖകൾ കൃത്യമായി സൂക്ഷിക്കണം.
- പ്രവർത്തി ആരംഭിക്കുമ്പോൾ തന്നെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുകയും,അതിലെ വിവരങ്ങൾ കൃത്യമായി എഴുതി ചേർക്കണം.
- പുതിയ VMC അംഗങ്ങളെ തിരഞ്ഞടുക്കണം.ഇവർ തൊഴിലിടങ്ങൾ സന്ദർശിക്കുകയും സൈറ്റ് ഡയറിയില് തൊഴിലിൻറെ ഗുണമേന്മകൾ രേഖപ്പെടുത്തണം.
- തൊഴില് നടക്കുന്നയിടങ്ങളില് വച്ചു തന്നെ മസ്റ്ററോളില് ആബ്സൻറ് രേഖപ്പെടുത്തണം.
- തൊഴിലുറപ്പ് ഗ്രാമസഭയില് ഏതൊല്ലാം പ്രവർത്തികൾ അടുത്ത വർഷം ചെയ്യാം കണ്ടെത്തി ചർച്ചചെയ്ത് തീരുമാനിക്കണം.
- തൊഴില് കാർഡില് തൊഴില് ചെയ്തതിൻറെ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തണം.
- ബങ്കില് നിന്ന് പാസ്സ് ബുക്ക് പതിപ്പിക്കുന്നതിലും ബാലൻസ് അറിയുന്നതിലും തൊഴിലാളികൾ നേരിടുന്ന പ്രസനത്തിന് പഞ്ചായത്തിൻറെ ഭാഗത്ത് നിന്ന് പരിഹരിക്കപ്പെടണം.

- മെറ്റീരിയല് വർക്കുകൾക്ക് 60:40 അനുപാതം ഉള്ളതിനാല് തൊഴിലാളികൾക്ക് വളരെ കുറവ് തൊഴില് ദിനങ്ങൾ ആണ് ലഭിക്കുന്നത് .കൂടുതല് തൊഴില് ദിനങ്ങൾ ലഭിക്കുന്ന വർക്കുകൾ കണ്ടെത്താൻ സോഷ്യല് ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ സഹായിക്കാം എന്നു ഉറപ്പു നല്കി.

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| ശ്രീമതി. അമ്മിണി വിജയൻ | ജിഷാ സൈമൺ |
| അദ്ധ്യക്ഷ | ബ്ലോക്ക് റിസോഴ്സ് പേഴ്സൺ |

പുളിക്കീഴ്

18/9/2019